# ACADEMIC MASTER PLAN 2025-26

Deepthi H S, Thalore

## ആമുഖം

വിദ്യാഭ്യാസം എന്നാൽ ഒരേസമയം വിജ്ഞാന സമ്പാദനവും ,ശീലങ്ങളുടെയും മനോഭാവങ്ങളുടേയും,നൈപുണികളുടെയും വികസനം കൂടി ചേർന്നതാണ്. ഇത് രണ്ടും സാക്ഷാത്കരിക്കുമ്പോഴാണ് ഒരു വ്യക്തിക്ക് പൂർണവും അർത്ഥവത്തുമായി ജീവിതം നയിക്കാൻ ആവുക.വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിലൂടെ തന്റെ ഉള്ളിലുള്ളതെല്ലാം പരമാവധി പുറത്തേക്ക് കൊണ്ടുവന്ന് വികസനം കൈവരിക്കാൻ വ്യക്തിയെ പരിശീലിപ്പിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം ഉദ്ദേശാധിഷ്ഠിതമായ പ്രവർത്തനമാണ് .വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങളുമായി ആരംഭിച്ചില്ല എങ്കിൽ ഈ ഉദ്ദേശങ്ങൾ സാക്ഷാത്കരിക്കാൻ ആകില്ല.

1) വിജ്ഞാന സമ്പാദന ലക്ഷ്യം
2) തൊഴിൽപര ലക്ഷ്യം
3) സമഗ്ര വികസന ലക്ഷ്യം
4) സമ്പൂർണ്ണ ജീവിത ലക്ഷ്യം
5) സ്വഭാവരൂപൽക്കരണ ലക്ഷ്യം
6) വ്യക്തി ലക്ഷ്യം
7) സാമൂഹിക ലക്ഷ്യം

ഈ ലക്ഷ്യങ്ങളുടെ പൂർണ്ണതയിൽ എത്തിച്ചേരുന്നതിനുള്ള ഇടമായി വിദ്യാലയങ്ങൾ മാറേണ്ടതുണ്ട്. ഇപ്രകാരം പാഠ്യപദ്ധതി ലക്ഷ്യങ്ങൾക്ക് അനുസരണമായി ജീവിതലക്ഷ്യങ്ങളും അവയെ സ്വാധീനിക്കുന്ന ദർശനങ്ങളും വിദ്യാലയങ്ങളിൽ സജീവമായിരിക്കണം. പാഠപുസ്തകങ്ങളുടെ ഉള്ളടക്കവും പ്രതിപാദനവും ബോധനരീതിയും വിദ്യാഭ്യാസ ലക്ഷ്യങ്ങളുടെ പൂർണ്ണത നേടിയെടുക്കുന്നതിൽ  മുഖ്യ പങ്കുവഹിക്കുന്നു. ജീവിത ദർശനത്തെ കുറിച്ചും അതിന് വിദ്യാഭ്യാസത്തിലുള്ള സ്വാധീനത്തെ കുറിച്ചും ഉൾക്കാഴ്ചയുള്ള അധ്യാപകൻ സമൂഹത്തിന്റെ ആശയാഭിലാഷങ്ങൾക്കൊത്ത് ബോധന പ്രക്രിയനിർവഹിക്കുന്ന വിദ്യാലയം നാടിന്റെ അഭിമാനവും സ്വത്തുമാണ്.

ആത്മീയതയിൽ അധിഷ്ഠിതവും ഭൗതികമായ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുന്നതുമായ സമഗ്രമായ ഒരു ലക്ഷ്യത്തിന്റെ സാക്ഷാത്കാരം ആയിരിക്കണം വിദ്യാഭ്യാസം. ഇത്തരത്തിലുള്ള വിദ്യാഭ്യാസത്തിന്റെ രംഗവേദി ആകണം വിദ്യാലയം. നാം ജീവിക്കുന്ന സമൂഹം ജനായ ത്തക്രമത്തിൽ ആണ്.അതുകൊണ്ട് വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകാനുള്ള ഉത്തരവാദിത്വം സമൂഹത്തിന് ആകെ വന്നുചേരുന്നു. അധികാരങ്ങളും വിഭവങ്ങളും പങ്കിടുന്നതോടൊപ്പം ഭരണകൂടങ്ങൾ അവസരസമത്വവും ഒരുക്കുന്നു. സാർവത്രിക വിദ്യാഭ്യാസം എന്നത് സമൂഹത്തിന്റെ ഒരു ആവശ്യമാണ്. ചിന്താശേഷിയെ വളർത്തുന്നതോടൊപ്പം കായികവും ആരോഗ്യപരവുമായ തുറകളിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കേണ്ടതുണ്ട്.

നമ്മുടെ വിദ്യാലയം മൗലികമായ ആവശ്യങ്ങൾക്ക് അനുസരണമായി സമൂഹത്തിന്റെ ചിന്താധാരകൾക്ക് അനുഗുണമായ സ്വാർത്ഥകമായ വളർച്ചയ്ക്ക് ഇണങ്ങുന്നവിധത്തിൽ വളരുന്നതിന് അനുരൂപങ്ങളായ പദ്ധതികളും നിർദ്ദേശങ്ങളും മുന്നോട്ടുവെക്കേണ്ടതുണ്ട്. അത്തരത്തിലുള്ള ചില ചുവടുവെപ്പുകൾ ആണ് നിർദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

1) പൊതുവിദ്യാഭ്യാസം, മികച്ച വിദ്യാഭ്യാസം
2) സാമൂഹിക സമത്വത്തെ പ്രബലപ്പെടുത്തുന്ന ജനാധിപത്യ മൂല്യങ്ങൾ വിദ്യാഭ്യാസത്തിലൂടെ
3) പരിസ്ഥിതി സംരക്ഷണത്തിൽ ഊന്നിയ വിദ്യാഭ്യാസം
4) അറിവിന്റെ മികവുകൾ സൃഷ്ടിക്കുന്ന ഇടങ്ങൾ
5) ധാർമികവും സത്യസന്ധവുമായ ഒരു സമൂഹ സൃഷ്ടിയുടെ പരിശീലന കേന്ദ്രം

6) ഭാഷയുടെ വളർച്ച, വൈജ്ഞാനിക വിഷയങ്ങളുടെ മികച്ച പരിശീലനം
7) ജനാധിപത്യ മൂല്യ സംരക്ഷണം സാധ്യമാകുന്ന വിദ്യാലയം

# PROFILE

വിദ്യാലയത്തിന്റെ പേര് : ദീപ്തി ഹൈസ്കൂൾ, തലോർ

വിദ്യാഭ്യാസ ജില്ല : തൃശ്ശൂർ

വില്ലേജ് : തൃക്കൂർ

പഞ്ചായത്ത് : നെന്മണിക്കര

ബ്ലോക്ക്: കൊടകര

ഫോൺ നമ്പർ : 04802751462

ഹെഡ്മിസ്ട്രസ്സ് : റീന കെ ജോൺ

## ദീപ്തിയുടെ ഉദയം

പള്ളിയുള്ളിടത്തെല്ലാം പള്ളിക്കൂടങ്ങൾ വേണം, ഈശ്വരാ ധിഷ്ഠിതമായ വിദ്യാഭ്യാസ പ്രക്രിയയ്ക്ക് മാത്രമേ മാനവ മനസ്സിൽ ചലനങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ സന്ദേശം ഉൾക്കൊണ്ട് അദ്ദേഹം സ്ഥാപിച്ച സി എം ഐ സഭയുടെ നേതൃത്വത്തിൽ തലോരിലെ ആശ്രമ ദേവാലയത്തോട് അനുബന്ധിച്ച് വർഷങ്ങൾക്കു മുമ്പ് സ്ഥാപിതമായ രണ്ട് സരസ്വതി ക്ഷേത്രങ്ങളാണ് ലിറ്റിൽ ഫ്ലവർ എൽ പി സ്കൂളും, സെൻററ് തെരസിററാസ് യു പി സ്കൂളും.എന്നാൽ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തുവരുന്ന അനേകം വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ഒരു മരീചികയായിരുന്നു കാരണം തുടർന്നുള്ള പഠനത്തിന് അവർക്ക് നാട്ടിൽ ഒരു ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. അകലങ്ങളിൽ പോയി പഠിക്കുക എന്നത് പലകാരണങ്ങൾ കൊണ്ടും അത്യന്തം ക്ലേശകരമായിരുന്നു. ഈ സാഹചര്യത്തിൽ ഒരു ഹൈസ്കൂൾ ഉണ്ടാക്കുക എന്നത് നാട്ടുകാരുടെ ഒരു ചിരകാല സ്വപ്നമായിരുന്നു. ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് വേണ്ടി ആദ്യമായി ചിന്തിക്കുകയും അക്ഷീണം പ്രവർത്തിക്കുകയും ചെയ്ത പുരോഹിത ശ്രേഷ്ഠനാണ് തലോരിലെ ആശ്രമ അധിപൻ ആയിരുന്ന ബഹുമാനപ്പെട്ട ഫാദർ ലാസർ സി എം ഐ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1966 ൽ ഹൈസ്കൂളിന് വേണ്ടി ആത്മാർത്ഥമായി ശ്രമം നടത്തിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഹൈസ്കൂൾ എന്ന സ്വപ്നം പൂവണിഞ്ഞില്ല. നീണ്ട 10 വർഷം പിന്നെയും കാത്തിരിക്കേണ്ടി വന്നു ഹൈസ്കൂൾ യാഥാർത്ഥ്യമാകുവാൻ.

1976 ൽ അന്നത്തെ തൃശ്ശൂർ ദേവമാത പ്രൊവിൻഷ്യാൽ ആയിരുന്ന ബഹുമാനപ്പെട്ട ഫാദർ ഗബ്രിയേൽ സിഎംഐ യുടെ അനുഗ്രഹാശിസ്സുകളോടെ ആശ്രമാധിപൻ ആയിരുന്ന ബഹുമാനപ്പെട്ട പോൾ തോട്ടാനച്ചൻ നാട്ടുകാരുടെ ഒരു കമ്മറ്റി രൂപീകരിച്ച് ഹൈസ്കൂളിന് വേണ്ടി വീണ്ടും ശ്രമം ആരംഭിച്ചു. ബഹുമാനപ്പെട്ട ജോസ് ഫ്രാങ്ക് അച്ചനും ഈ പരിശ്രമത്തിന് പിന്നിൽ ഉണ്ടായിരുന്നു. ഹൈസ്കൂൾ കമ്മിറ്റിയുടെ കൺവീനർ തലോരിലെ എല്ലാ നല്ല കാര്യങ്ങളുടെയും മുന്നിൽ നിന്നിരുന്ന ഇ വി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ശ്രീ ഇ വി ആന്റണിയും, സെക്രട്ടറി ശ്രീ ടി സി ദേവസി മാസ്റ്ററുമായിരുന്നു. ഈ കമ്മിറ്റി അംഗങ്ങളുടെയും തോട്ടാൻ അച്ചന്റെയും നിരന്തരവും നിസ്വാർത്ഥവുമായ പരിശ്രമത്തിന്റെയും അന്നത്തെ എം എൽ എ മാരായിരുന്ന ശ്രീ ലോനപ്പൻ നമ്പാടൻ, ശ്രീ പി പി ജോർജ്, ശ്രീ പി ആർ ഫ്രാൻസിസ് എന്നിവരുടെ മന്ത്രിസഭയിൽ ഉള്ള ശക്തമായ സ്വാധീനത്തിന്റെയും ഫലമായി എൽത്തുരുത്ത് സെൻറ് അലോഷ്യസ് ഹൈസ്കൂളിന്റെ ഒരു ബ്രാഞ്ച് ആയി ഇവിടെ എട്ടാം ക്ലാസ് തുടങ്ങുവാനുള്ള അനുവാദം ഗവൺമെന്റിൽ നിന്ന് ലഭിച്ചു. അന്നത്തെ ഡി ഡി ആയിരുന്ന ശ്രീ പവിത്രൻ നമ്പൂതിരിപ്പാട്, ശ്രീ ഇ ജെ ഫ്രാൻസിസ്, എന്നിവരുടെ സഹകരണവും അന്നത്തെ ആഭ്യന്തരമന്ത്രി ശ്രീ കെ കരുണാകരന്റെ പ്രത്യേക താല്പര്യവും ഈ അനുവാദത്തിന് പിന്നിൽ ഉണ്ടായിരുന്നു.

എട്ടാം ക്ലാസ് തുടങ്ങുന്നതിന് അനുവാദം ലഭിച്ചു എന്ന വാർത്ത വളരെയേറെ ആഹ്ലാദത്തോടെയാണ് സ്വീകരിച്ചത്. പക്ഷേ എട്ടാം ക്ലാസിലേക്ക് ആവശ്യത്തിന് കുട്ടികളെ കിട്ടുമോ എന്നതായിരുന്നു എല്ലാവരുടെയും ആശങ്ക. കാരണം ഇതിനോടകം കുട്ടികൾ എല്ലാം സമീപത്തുള്ള സ്കൂളുകളിൽ ചേർന്നു കഴിഞ്ഞിരുന്നു .എന്നാൽ കമ്മിറ്റി, ഹൈസ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ ,ടി സി അവിടെ നിന്നും എഴുതി വാങ്ങിച്ചും ,പഠനം മുടങ്ങിക്കിടന്ന കുട്ടികളെ ഇവിടെ പഠിക്കുന്നതിന് പ്രേരിപ്പിച്ചും വിദ്യാർത്ഥികളുടെ ക്ഷാമം പരിഹരിക്കാൻ കഴിഞ്ഞു. അങ്ങനെ 1976 ജൂൺ ആരംഭത്തിൽ തന്നെ അഞ്ച് ഡിവിഷനായി 207വിദ്യാർത്ഥികളുമായി എട്ടാം ക്ലാസ് ആരംഭിക്കാൻ കഴിഞ്ഞത് നാട്ടുകാരുടെ സഹകരണത്തിന്റെ വലിയ തെളിവായിരുന്നു. എൽ തുരുത്ത് ഹൈസ്കൂളിന്റെ ബ്രാഞ്ചായാണ് ഇവിടെ ഹൈസ്കൂൾ തുടങ്ങിയത്. അതിനാൽ ഇവിടത്തെ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ ഹൈസ്കൂളിൽ നിന്ന് ബഹുമാനപ്പെട്ട ഫാദർ വിൻസൺ പാറക്കാട് ഇങ്ങോട്ട് സ്ഥലം മാറി എത്തി. വിൻസൻറ് അച്ചൻറെ വരവ് ഈ സ്ഥാപനത്തിന് ഒരു മഹാഭാഗ്യമായി. പിന്നാലെ ശ്രീ ആൻറണി പി ഓ, ശ്രീവിൻസെന്റ് എം ജെ, ശ്രീ പി.ടി ജോർജ്, ശ്രീ സൈമൺ, ശ്രീ പി എ ശ്രീധരൻ, സിസ്റ്റർ റീന എന്നിവരും അധ്യാപകരായി ഇവിടെയെത്തി . വിൻസൻറ് അച്ചന്റെ നേതൃത്വപാടവും തലമുതിർന്ന അധ്യാപകരുടെ അർപ്പണബോധവും ആത്മാർത്ഥതയും മറ്റ് അധ്യാപകർക്ക് വലിയ മാർഗ്ഗദീപവും ഊർജ്ജസ്രോതസ്സും ആയിരുന്നു .അധ്യാപക ശ്രേഷ്ഠരുടെ ആത്മാർത്ഥതയുടെ അടിത്തറയിലാണ് പിന്നീട് ഉണ്ടായ ദീപ്തിയുടെ എല്ലാ വിജയങ്ങളുടെയും സൗധങ്ങൾ കെട്ടി പൊക്കിയത്.

1978 വരെ സെൻറ് അലോഷ്യസ് ഹൈസ്കൂളിന്റെ കീഴിലായിരുന്ന ഈ സ്ഥാപനത്തിന് ഒരുപാട് ബാലാരിഷ്ടതകൾ നേരിടേണ്ടി വന്നിട്ടുണ്ട് .എന്നാൽ 1978 ഈ സ്ഥാപനം സ്വതന്ത്രമായി മാറുകയും ദീപ്തി എന്ന പേര് സ്വീകരിക്കുകയും ചെയ്തു. ഒന്നാന്തരം ഒരു സ്കൂൾ കെട്ടിടവും ഇതിനോടകം പണിതീർത്തു. പ്രഥമ അധ്യാപകനായി ബഹുമാനപ്പെട്ട ഫാദർ വിൻസൻ പാറക്കാട്ടിൽ നിയമിതനായി. 1979 മാർച്ചിൽ സ്കൂളിന്റെ ആദ്യത്തെ എസ്എസ്എൽസി ബാച്ച് പരീക്ഷയെഴുതി .ആദ്യ ബാച്ചിന്റെ പരീക്ഷാഫലം ആകാംക്ഷയോടും അതിലേറെ പ്രതീക്ഷയോടെയുമാണ് എല്ലാവരും കാത്തിരുന്നത്. എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ആദ്യ ബാച്ച് 80 ശതമാനം വിജയം കരസ്ഥമാക്കി. സമീപത്തുള്ള മറ്റു പല സ്കൂളുകളെക്കാൾ മുന്നിലായി. പഠനത്തിൽ മാത്രമല്ല പാഠ്യേതര പ്രവർത്തനങ്ങളിലും മികവുപുലർത്താൻ ഇതിനോടകം ദീപ്തിക്ക് കഴിഞ്ഞതുകൊണ്ട് ജില്ലയിൽ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. 1981 ശ്രീ ആൻറണി പി ഓ പ്രധാനാധ്യാപകനായി സ്ഥാനമേറ്റു. 1986 ബഹുമാനപ്പെട്ട ഫാദർ വിൽസൺ പാറക്കാട്ടിൽ സ്ഥാനമേറ്റു. ഈ കാലഘട്ടം ദീപ്തിയുടെ സുവർണ്ണ കാലഘട്ടം ആയിരുന്നു. 1986 ദശവത്സര ആഘോഷങ്ങൾ സമുചിതമായ ആഘോഷിച്ചു .ഈ കാലഘട്ടത്തിൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും, പല അംഗീകാരങ്ങളും ദീപ്തിയെ തേടിയെത്തി. എസ്എസ്എൽസി പരീക്ഷയിൽ റാങ്ക് ജേതാക്കൾ ആയ മോഹൻ ഡേവിസ്, പ്രീതി ടി, സിറിൽ ഇഗ്നേഷ്യസ്, രേവതി ടി എന്നിവർ ദീപ്തിയുടെ യശസ്സ് ഉയർത്തിയവരാണ്. 1991 ശ്രീ പിടി ജോർജ് ദീപ്തിയുടെ പ്രധാന അധ്യാപകനായി ചുമതലയേറ്റു. 2001ൽ സിൽവർ ജൂബിലി (25 വർഷം) പൂർത്തിയാക്കി. ശ്രീ വിൻ സെൻറ് പി ജെ, 2003 ൽ പ്രധാന അധ്യാപകനായി ചുമതലയേറ്റു. 2008 ൽ സിഡി ജോസഫ് സ്കൂളിൻറെ പ്രധാന അധ്യാപകനായി ചുമതലയേറ്റു. 2015ൽ ഫാദർ ടെന്നി പാറക്കൽ സ്കൂളിൻറെ പ്രധാന അധ്യാപകനായി. 2016 മെയ് മാസത്തിൽ

അദ്ദേഹം സേവനത്തിൽ നിന്ന് വിരമിക്കുകയും, തൽസ്ഥാനത്ത് ശ്രീബാബുഡേവിസ് പി ചുമതല ഏൽക്കുകയും ചെയ്തു. 2019ൽ ശ്രീമതി നീന ജോൺ സി ഹെഡ്മിസ്ട്രസ് ആയി നിയമിതയായി. തുടർന്ന് 2020 ജൂൺ മാസത്തിൽ ഫാദർ ജോഷി കണ്ണൂക്കാടൻ പ്രധാന അധ്യാപകനായി ചുമതലയേറ്റു. 2021 ൽ ശ്രീമതി ഷേളി കെ വി ദീപ്തിയുടെ ഹെഡ്മിസ്ട്രസ് ആയി. 2022 ജൂൺ മാസത്തിൽ ഇപ്പോൾ ദീപ്തിയുടെ ഹെഡ്മിസ്ട്രസ് ആയ റീന കെ ജോൺ ചുമതലയേറ്റു.

ശക്തമായ ഒരു മാനേജ്മെൻറ്, കഠിനാധ്വാനശീലരായ പ്രധാന അധ്യാപികയും ഊർജ്ജസ്വലതയുള്ള അധ്യാപകരും വളരെ ശക്തവും സഹകരണ മനോഭാവമുള്ള പി ടി എ യും അച്ചടക്കമുള്ള വിദ്യാർത്ഥികളും ദീപ്തിക്ക് അനുഗ്രഹമാണ്. ഗ്രീൻ ക്യാമ്പസ് എന്ന ലക്ഷ്യത്തോടുകൂടി ഒരു കാർഷിക ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ട്. വിവിധതരം ക്ലബ്ബുകൾ സ്കൂളുകളിൽ സജീവമായി പ്രവർത്തിക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദി കുട്ടികളെ പ്രവർത്തിക്കാൻ കഴിവുള്ളവരാക്കി വാർത്തെടുക്കുന്നു .ഫുട്ബോൾ അക്കാദമിയുടെ ആകർഷണത്തിൽ ധാരാളം വിദ്യാർത്ഥികൾ സ്കൂളിലേക്ക് ആകർഷിക്കപ്പെടുന്നു.

## ദീപ്തി ഹൈസ്കൂൾ മികവിന്റെ കേന്ദ്രം

നെന്മണിക്കര പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ദീപ്തി ഹൈസ്കൂൾ, അക്കാദമികമായി മികച്ച ഒരു പാരമ്പര്യം കാത്തുസൂക്ഷിക്കുന്നു. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ സമാരംഭിച്ച വിദ്യാലയം, എങ്കിലും കാലഘട്ടത്തിനനുസരണമായി ഒട്ടേറെ പരിവർത്തനങ്ങൾ സാധിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഭൗതിക മേഖലയിൽ.

1) മികച്ച ഒരു കളി സ്ഥലം
2) ബാസ്കറ്റ്ബോൾ കോർട്ട്
3) വോളിബോൾ കോർട്ട്
4) മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കുന്നതിന് മുന്നോടിയായി ബയോഗ്യാസ് പ്ലാൻറ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന അടുക്കള വിഭാവനം ചെയ്യുന്നു .
5) അടുക്കളയും ഭക്ഷണശാലയും ശുദ്ധജലവിതരണ സംവിധാനവും തമ്മിൽ ബന്ധിപ്പിക്കേണ്ടതുണ്ട്. നിലവിൽ ശുദ്ധീകരണത്തിനായി നാല് യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്.
6) നിലവിലുള്ള ലാബ് സൗകര്യങ്ങളെ മെച്ചപ്പെടുത്തേണ്ടതുണ്ട്.
7) കുട്ടികൾക്ക് അധ്യാപകരുടെ മേൽനോട്ടത്തോടെ കൈകാര്യം ചെയ്യാവുന്ന ഉപകരണങ്ങൾ നിലവിലുള്ള തിനേക്കാൾ കൂടുതൽ എണ്ണം ആവശ്യമുണ്ട്.

8) ലൈബ്രറി, വായനാമുറി ,എന്നിവ ഉണ്ട് .
9) ഉയർന്ന നിലവാരത്തിലുള്ള ഐടി ലാബ്, പ്രവർത്തി പരിശീലന ഹാളുകൾ ,നമ്മുടെ വിദ്യാലയത്തെ വേറിട്ടതാക്കുന്നു .
10) ഹരിതാഭമായ ഒരു അന്തരീക്ഷം നിലനിർത്തുന്നതിന് ഈ വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്.

അക്കാദമികമായി വിദ്യാലയം മികവിന്റെ കേന്ദ്രം ആകേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു അവസ്ഥാന്തരം അധ്യാപന രംഗത്ത് സൃഷ്ടിക്കപ്പെടുന്നതിന്,

1) ഭാഷാശേഷി വികസനത്തിനായുള്ള ലാംഗ്വേജ് ലാബിന്റെ മികച്ച പ്രവർത്തന പിൻബലം വിദ്യാലയത്തിനുണ്ട്
.

2) ഗണിതശേഷി വികസനത്തിനായുള്ള സൗകര്യങ്ങൾ അധ്യാപകർ നൽകിവരുന്നു.
3) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ .
4) ജൈവവൈവിധ്യ പാർക്ക്.
5) ഉയർന്ന തലത്തിലുള്ള ഇടി പരിശീലനം .
6) സ്കൂളിന് സ്വന്തമായ ഒരു ബ്ലോഗ് .
7) പ്രവർത്തിപരിചയ പഠനം. മെഴുകുതിരി ,സോപ്പ്, ബൈൻഡിങ് ,ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ എന്നിവ വ്യത്യസ്തമായ ഒരു അധ്യായനരീതി വിദ്യാലയത്തിന് നൽകുന്നു .
8) കലാകായികമേള .
9) കുട്ടികൾക്ക് വിനോദയാത്രയും പഠനയാത്രയും സംഘടിപ്പിക്കുന്നു .
10)സയൻസ് പാർക്ക് ഒരുക്കം

സാമൂഹികമായി ശക്തമായ സാന്നിധ്യമായി ഈ വിദ്യാലയം നിലനിൽക്കുന്നു. ഒരു സമൂഹത്തിൻറെ ഭാവി ഭാഗധേയമായി മാറുന്ന വിധം ഈ ദേശത്തു നിലനിൽക്കുന്നു .

1) ശക്തമായ പിടിഎ, ശക്തമായ എം പി ടി എ
2) വിദ്യാലയത്തിന്റെ ചുറ്റുവട്ടത്തുള്ള മറ്റ് സ്ഥാപനങ്ങളുമായി നിലനിൽക്കുന്ന സൗഹൃദാ അന്തരീക്ഷം .
3) പൊതുസമൂഹവുമായി ഇടപെട്ടുകൊണ്ട് വീട് നിർമ്മിച്ച നൽകൽ പോലുള്ള ഉദാത്തമായ സാമൂഹിക ഇടപെടലുകൾ.
4) പുതിയ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനുള്ള തീരുമാനം.

## അധ്യാപകർ നിലവിലെ അവസ്ഥ

ഹൈസ്കൂൾ വിഭാഗത്തിൽ 30 അധ്യാപകർ സേവനം ചെയ്യുന്നു.

വെക്കേഷൻ ടീച്ചേഴ്സ് ട്രെയിനിങ് പ്രോഗ്രാം എല്ലാവരും പങ്കെടുത്തിരുന്നു .അവിടെ നിന്ന് ലഭിച്ച പരിശീലനങ്ങൾ ക്ലാസ് മുറികളിൽ ഉപയോഗപ്പെടുത്താൻ സാധിച്ചു അക്കാദമിക നിലവാരം മെച്ചപ്പെടുത്താനും സാധിച്ചു.

## വിദ്യാലയം ഒരു പൊതു വിശകലനം

വിദ്യാലയം സ്ഥാപിച്ച വർഷം 1976. നാനാ ജാതി മതസ്ഥരെ വിദ്യ അഭ്യസിപ്പിക്കുക എന്ന ചാവറച്ചന്റെ കാഴ്ചപ്പാട് മുന്നിൽ കണ്ടുകൊണ്ട് പള്ളികൾ തോറും പള്ളിക്കൂടങ്ങൾ സ്ഥാപിക്കണം എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഈ സ്കൂൾ സ്ഥാപിതമായത്. ആത്മീയവും വൈജ്ഞാനികവും ശാരീരികവും മാനസികവുമായ വ്യക്തിത്വ വികസനത്തിന് വേണ്ട ശേഷികളെ വളർത്തി സാമൂഹിക പുരോഗതിക്കുതകുന്ന പൗരന്മാരായി വാർത്തെടുക്കുക എന്നതാണ് ലക്ഷ്യം. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഇല്ലാതിരുന്ന കാലഘട്ടം ആയിരുന്നു അന്ന്. ഒരുപാട് ദൂരം യാത്ര ചെയ്തു വേണം ഹൈസ്കൂൾ പഠനം നടത്തുവാൻ. ആ പ്രയാസം ഇല്ലാതാക്കാൻ സാധിച്ചതോടെ അതിന് സാധിച്ചു. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിച്ച വരുന്നത്. ഈ വർഷം 329 പേർ എസ്എസ്എൽസി പരീക്ഷയെഴുതി. നൂറുശതമാനം വിജയം നേടാൻ സാധിച്ചു. 41

വിദ്യാർത്ഥികൾ ഫുൾ എ പ്ലസ് കരസ്ഥമാക്കി. കലാകായികരംഗങ്ങളിൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും മികവുലർത്താൻ ദീപ്തിയിലെ വിദ്യാർത്ഥികൾക്ക് സാധിച്ചു എന്നത് പ്രശംസനീയമായ നേട്ടമാണ്. സ്കൂളിന് ഹൈടെക് പദവി ലഭിച്ചു എന്നത് വളരെ വലിയ നേട്ടമാണ്.

## ഭൗതിക സാഹചര്യം

1) ക്ലാസ് മുറികൾ: 18
2)HM റൂം. :1
3) toiletl girls friendly: ഉണ്ട്
4) റാംപ് സൗകര്യം: ഉണ്ട്
5) കളിസ്ഥലം: ഉണ്ട്
6) കുടിവെള്ള സൗകര്യം: ഉണ്ട്
7) അടുക്കള വിതരണ കേന്ദ്രം: ഉണ്ട്
8) വൈദ്യുതീകരണം: ഉണ്ട്
9) ഇടച്ചുമർ: ഉണ്ട്
10) ചുറ്റുമതിൽ: ഉണ്ട്
11) മാലിന്യ സംസ്കരണ സംവിധാനം: ഉണ്ട്
12) മഴവെള്ള സംഭരണി: ഉണ്ട്
13) ആഡിറ്റോറിയം: ഇല്ല
14) ഹരിത വിദ്യാലയം: ആണ്
15) ലാബ് സാമഗ്രികൾ: ഉണ്ട്
16) ലൈബ്രറി: ഉണ്ട്
17)ICT സൗകര്യം: ഉണ്ട്
18) പച്ചക്കറി തോട്ടം: ഉണ്ട്

വിദ്യാലയങ്ങളിലെ ഐടി അനുബന്ധസാമഗ്രികളുടെ അവസ്ഥ .

1) കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ്: 17
2) ലാപ്ടോപ്പ് :25
3) പ്രൊജക്ടർ എൽസിഡി: 18
4) റേഡിയോ: ഇല്ല
5) ടിവി. : ഉണ്ട്
6) ഡിവിഡി പ്ലെയർ: ഇല്ല
7) വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ്:deepthithalore.com
8) internet connection: Kphone
9) ബ്ലോഗ്: Deepthithaloreblogspot.com
10) സ്മാർട്ട് ക്ലാസ് റൂം: 18
11) ഇന്ററാക്ടീവ് ബോർഡ്: 2

# ACADEMIC MASTER PLAN 2025-26

| | | |
|---|---|---|
| Name of the School | : | Deepthi H S, Thalore |
| Subject | : | English |
| Board | : | Kerala Board (SCERT) |
| Standards | : | 8, 9, and 10 |
| Academic Year | : | 2025-26 |

## 1. Introduction

The SCERT Kerala has introduced new textbooks for Standards 8 and 10 for the 2025-26 academic year, as part of the curriculum revision initiated in 2023. These textbooks align with the KCF 2023, incorporating the Preamble to the Indian Constitution, lessons on POCSO rules, gender sensitivity, secular values, scientific temperament, and vocational themes like tourism, agriculture, and IT. This plan adapts to these changes, focusing on developing language skills (listening, speaking, reading, writing), critical thinking, and digital literacy, while ensuring SSLC readiness for Standard 10.

## 2. Objectives

Language Proficiency: Enhance fluency in reading, writing, speaking, and listening through updated texts and activities.
-Critical Thinking:Foster analytical skills through contemporary themes and interactive discussions.
- Creative Expression: Encourage creative writing, debates, and presentations aligned with new textbook content.
- Digital Literacy: Utilize ICT tools (e.g., Samagra portal) for interactive learning, as emphasized by SCERT.
- Inclusivity: Address diverse learner needs through differentiated instruction and bilingual support.
- SSLC Preparation: Ensure Standard 10 students are equipped for board exams with targeted practice.
- Social Awareness: Integrate lessons on social issues (e.g., drug abuse, hygiene, gender justice) as per the new curriculum's focus.

## 3. Syllabus Overview (SCERT Kerala, Standards 8-10)

Based on recent updates, the SCERT Kerala English syllabus for 2025-26 includes new textbooks for Standards 8 and 10, while Standard 9 follows the 2024-25 syllabus. The new textbooks emphasize modern themes, vocational skills, and social awareness, starting with the Preamble to the Constitution. Below is a revised syllabus summary:

Standard 8 (New Textbooks, 2025-26)

-Textbooks: Revised SCERT Kerala English Reader (Part 1 & 2), available in English and Malayalam mediums.
- Key Themes: Friendship, environment, gender justice, civic sense, and vocational skills (e.g., tourism, IT).
  - Prose: Stories, essays, and biographies reflecting contemporary issues and scientific temperament.
  - Poetry: Poems promoting inclusivity, secular values, and emotional intelligence.

- Skills: Reading comprehension, basic grammar (tenses, prepositions), descriptive writing, and oral communication.
- Sample Topics: Stories on environmental responsibility, poems on gender equality, and writing tasks like blogs or letters.

<u>Standard 9 (Existing Textbooks, 2024-25)</u>
- Textbooks: SCERT Kerala English Reader (Part 1 & 2, 2024-25 edition).
- Key Themes: Social issues, personal growth, and global perspectives.
  - Prose: Reflective essays, short stories, and real-life narratives.
  - Poetry: Poems exploring emotions and societal themes.
  - : Texts for critical analysis.
- Skills: Advanced grammar (clauses, reported speech), argumentative writing, and group discussions.
- Sample Topics: Stories like “The Last Leaf,” poems like “The Road Not Taken,” and writing tasks like articles and debates.

<u>Standard 10 (New Textbooks, 2025-26)</u>
- Textbooks: Revised SCERT Kerala English Reader (Part 1 & 2), aligned with SSLC exam requirements.
- Key Themes: Ethics, diversity, life skills, vocational education, and social awareness (e.g., digital discipline, law awareness).
  - Prose: Inspirational stories, essays, and speeches with modern relevance.
  - Poetry- Poems with philosophical and social themes.
  - Texts to prepare for SSLC exams, including POCSO and civic sense.
- Skills: Complex grammar (conditionals, modals), formal writing (reports, essays), and presentation skills.
- : Speeches on secular values, poems on resilience, and writing tasks like formal letters and reviews

## 4. Academic Calendar and Timeline

The academic year is divided into three terms, starting June 2, 2025, with the first two weeks dedicated to a social awareness program (no textbooks), focusing on drug abuse, hygiene, digital discipline, and emotional well-being. The tentative SSLC exam schedule is March 2026.

<u>Term 1: June 2025 – August 2025</u>
- Weeks 1-2 (June 2-14): Social awareness program (no textbooks), covering drug abuse, hygiene, POCSO rules, and digital discipline through workshops and discussions.
- Focus: Introduce new textbooks (Standards 8 and 10), reinforce existing syllabus (Standard9), and conduct diagnostic assessments.
- Standard 8: Units 1-2 (prose, poetry, basic grammar), focus on reading and speaking.
- Standard 9: Units 1-2 (prose, poetry, vocabulary), focus on comprehension and descriptive writing.
- Standard 10: Units 1-2 (prose, poetry, grammar), focus on SSLC-oriented reading and writing.
- Activities: Storytelling, group reading, ICT-based quizzes (Samagra portal).
- Assessments: First Mid term (June end), formative assessment.

Term 2: September 2025 – December 2025
- Focus: Skill enhancement, creative writing, and mid-term evaluations.
- Standard 8: Units 3-4, grammar (tenses, prepositions), and writing (blogs, letters).
- Standard 9: Units 3-4, grammar (clauses, reported speech), and argumentative writing.
- Standard 10: Units 3-4, grammar (conditionals, modals), and formal writing (reports, essays).
- Activities: Debates, role-plays, digital projects (e.g., presentations on gender justice).
- Assessments: Formative assessment

Term 3: January 2026 – March 2026
- Focus: Revision, SSLC preparation (Standard 10), and summative assessments.
- Standard 8: Revision of all units, practice with sample papers.
- Standard 9: Revision, focus on writing and speaking skills.
- Standard 10: Intensive SSLC preparation, including mock tests and previous year papers.
- Activities: Peer reviews, SSLC workshops, and revision quizzes.
- Assessments: Formative assessment 3 (January), annual exam (March 2026).

**5. Pedagogical Strategies**
- Activity-Based Learning: Use skits, group discussions, and storytelling to engage with new themes (e.g., civic sense, vocational skills).
- ICT Integration: Access revised textbooks and resources on the Samagra portal (https://samagra.kite.kerala.gov.in) for interactive content.
- Differentiated Instruction: Provide simplified texts for struggling readers and advanced tasks (e.g., research projects) for high achievers.
- Social Awareness Integration: Incorporate discussions on POCSO rules, gender justice, and scientific temperament during regular classes.
- Collaborative Learning: Encourage group projects on topics like environmental responsibility or digital discipline.

**6. Assessment Plan**
Aligned with SCERT's Continuous and Comprehensive Evaluation (CCE):
- Formative Assessments (FA):
  - FA1 (August): Reading comprehension, short writing tasks (10% weightage).
  - FA2 (October): Oral presentations, grammar quizzes (10% weightage).
  - FA3 (January): Creative writing, group projects (10% weightage).
- Summative Assessments (SA):
  - Mid-term Exam:

Terminal examinations:Covers Term 1 and half of Term 2
  - Annual Exam (March): Covers full syllabus
- Internal Assessments: Class participation, assignments, and projects .
- SSLC Requirements (Standard 10): Minimum D+ grade (30% in theory) for passing.
- New Textbook Alignment: Assessments for Standards 8 and 10 to reflect updated content, including questions on social awareness and vocational themes.

**7. Resources**

- Textbooks:
  - Standard 8: New SCERT Kerala English Reader (2025-26), available on https://scert.kerala.gov.in.
  - Standard 9: SCERT Kerala English Reader (2024-25), available on Samagra portal.
  - Standard 10: New SCERT Kerala English Reader (2025-26), available on https://scert.kerala.gov.in.
- Supplementary Materials: Sample papers, answer keys.
- ICT Tools: Samagra portal, KITE Victers YouTube channel, and educational apps.
- Teacher Resources: SCERT teacher handbooks, training modules on new curriculum.

**8. Inclusivity and Support**

- Special Needs: Provide audio books, large-print texts, or peer support for students with disabilities.
- Remedial Classes: Offer extra sessions for students scoring below 30% in FAs, with retests.
- Bilingual Support: Use English-Malayalam explanations for non-native speakers.
- Social Awareness: Dedicate class time to discuss POCSO, gender justice, and civic sense, ensuring age-appropriate delivery.

**9. Teacher Training**

- SCERT Workshops: Training on new textbooks, focusing on updated themes and ICT tools.
- Professional Development: Monthly sessions on activity-based teaching and CCE.
- Collaboration: Share best practices through school-level forums and online platforms.

**10. Monitoring and Evaluation**

- Monthly Reviews: Track progress via classwork, homework, and FA scores.
- Parent-Teacher Meetings: Quarterly discussions to review student performance.
- Feedback: Collect student input on teaching methods to refine strategies.

**11. Monthly Plan (June 2025)**

Standard 8 (New Textbooks)

- Week 1-2: Social awareness program (drug abuse, hygiene, POCSO).
- Week 3: Unit 1 (prose), vocabulary on environmental themes, diagnostic test.
- Week 4: Poetry analysis, ICT-based quiz on Samagra portal.

Standard 9 (Existing Textbooks)

- Week 1-2: Social awareness program.
- Week 3: Unit 1 (prose), discussion on social issues, diagnostic test.
- Week 4: Poetry recitation, writing an article.

Standard 10 (New Textbooks)

- Week 1-2: Social awareness program.
- Week 3: Unit 1 (prose), SSLC exam pattern overview, diagnostic test.
- Week 4: Grammar (conditionals), formal letter writing, mock test.

## 12. Expected Outcomes

- Standard 8: 80% of students score above 50% in annual exams, with proficiency in new themes like gender justice.
- Standard 9: 85% score above 50%, with improved analytical and writing skills.
- Standard 10: 90% pass SSLC with D+ or above, 60% score above 50%.
- Holistic Development: Students demonstrate enhanced communication, critical thinking, and social awareness.

## 13. Contingency Plan

- Online Learning: Shift to Samagra portal or KITE Victers for remote classes if needed.
- Catch-Up Classes: Extra sessions to cover syllabus delays.

This revised Academic Master Plan accounts for the new SCERT Kerala English textbooks for Standards 8 and 10, published for 2025-26, and the continued use of existing textbooks for Standard 9. It integrates the social awareness program, modern pedagogical strategies, and SSLC preparation, ensuring alignment with KCF 2023. For specific unit details or PDFs of the new textbooks, visit https://scert.kerala.gov.in or the Samagra portal.

# ACADEMIC  MASTER PLAN

## *DEEPTHI H S THALORE*

### Subject: HINDI

**2025-26**

മേഖല : അക്കാദമികം ഉപമേഖല: ഹിന്ദി ഭാഷാ ക്ലാസ് തലം

| നമ്പർ | പ്രവർത്തർ ത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
| --- | --- | --- | --- | --- | --- |
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അദ്ധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ CWSN,SLOW Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ |

| | | | | | |
|---|---|---|---|---|---|
| | | | | | ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു CWSN, Slow Learnerകുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയെയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | 8, 9 | ഹിന്ദി അധ്യാപകർ മറ്റ് ഭാഷാ അധ്യാപകർ | |
| 3 | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക ഹിന്ദിയിൽ എണ്ണം ആഴ്ച മാസം എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8, 9 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | CWSN, Slow learnersകുട്ടികൾക്കായി പ്രത്യേകം പസിലുകൾ ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9, 10 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ ജീവനികൾ ആത്മകഥകൾ കവിതകൾ കഥകൾ എന്നിവ വായിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9, 10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | 9, 10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെ കൊണ്ട് ഹിന്ദി പോസ്റ്ററുകൾ, ചാർട്ടുകൾ ഇവതയ്യാറാക്കിപ്പിക്കുക | ദിനാചരണവുമായി ബന്ധപ്പെട്ട് | 9, 8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഒരുക്കുന്നതിനായി ഹിന്ദി ഡോക്യുമെൻററി കാണുവാനും സിനിമ കാണുവാനുമുള്ള അവസരം ,വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ അധ്യാപകർ | |

# ICT Academic Master Plan (2025–26)
# DEEPTHIH S THALORE

## OBJECTIVES

- Strengthen  digital skills.
- Integrate ICT with all curricular subjects.
- Promote use of Free and Open Source Software (FOSS).
- Encourage creative and responsible ICT use.

## CORE COMPONENTS

Tools Used: LibreOffice, GIMP, Scratch, Audacity, Kdenlive, GeoGebra, Python
ICT Devices: Smart TVs, Laptops, Internet, Projectors
Learning Style: Project-based, experiential
Platforms: Sampoorna, Little Kites Portal
Safety Focus: Cyber security, online etiquette
Student Involvement: Little Kites Club, ICT Projects, School Exhibitions

## MONTHLY PLAN WITH ACTIVITIES & COMMEMORATION DAYS

June:
- ICT Orientation: Email basics, ID creation
- World Environment Day (June 5): GIMP posters

July:
- LibreOffice tools: Timetable in Calc
- World Population Day (July 11): Data handling

August:
- GIMP image editing: Independence Day e-posters
- Independence Day (Aug 15): Animated flag in Scratch

September:
- Audacity/Kdenlive: Record morning prayer
- Teachers' Day (Sep 5): Greeting video

October:
- Coding: Scratch animations/games

November:
- ICT in subject learning: GeoGebra project

December:
- Cyber safety posters in GIMP
- Computer Security Day (Nov 30), Human Rights Day (Dec 10)

January:
- Data analysis in Calc
- National Youth Day (Jan 12): Student profiles

February:
- Presentation in Impress
- Safer Internet Day: Cyber quiz and pledge

March:
- Digital Portfolio & Project Fair
- National Science Day (Feb 28): Science models with ICT

## ANNUAL HIGHLIGHTS

- Digital Exhibition in March
  ICT Quiz via Little Kites

## ANNUAL HIGHLIGHTS

- Digital Wall Magazine display

## ASSESSMENT

- Formative: Project work, group tasks
- Summative: Practical tests
- Portfolio: Digital record of student work

## TEACHER SUPPORT

- Regular training via KITE SAMAGRA
- KITE Victers for reference
- Sampoorna for student tracking and ICT club activities

# 2025-2026 സംസ്കൃതം

•സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും

•സംസ്കൃത അക്ഷരപഠനം

•അക്ഷരസ്പുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും .

•വാക്യങ്ങൾ എഴുതുവാനുള്ള കഴിവ് നേടും .

•കഥ കവിത എന്നിവ എഴുതാനും പാടാനും ഉള്ള കഴിവു നേടും.

•സംസ്കൃതദിനാചരണം.

•സ്കൂൾ തലത്തിൽ സംസ്കൃത അസംബ്ളി.

•കഥാരചന, കവിതാരചന ,ഉപന്യാസരചന ,പ്രശ്ലോത്തരി തുടങ്ങിയ മത്സരങ്ങൾ .

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## Academic Master Plan Y2025 – 26

| | |
|---|---|
| June 2-13 | Developing formation skill in mathematics, basic ideas |
| June 19 | Pascal's Day, Presenting contributions of Pascal to Mathematics |
| | Mathematics club inauguration |
| June 30 | Mid- term exam for 10th standard (Chapter 1) |
| July 21-25 | Mid - term exam standard 8 & 9 - (Chapters 1 and 2) |
| July 22- Pi | Approximation Day |
| | Writing maximum decimal places of the value of Pi in 3 minutes - competition |
| July 28 | Introducing mathematician |
| August 4 | Maths quiz - preliminary level |
| August 14 | Flag making competition |
| August 18 | Ganitha pookalam malsaram, Revision for the quarterly exam, quarterly exam |
| September 8 | Question paper analysis, remedial coaching begins |
| September 10 | Making clinometer, activity based on this |
| September 18 | Maths exhibition school level |
| September 29 | Maths magazine production |
| October | Preparation for Sub district maths fair |
| | Second mid-term exam |
| November 12 | Ganitha Gana malsaram |
| November 22 | Introducing mathematician |
| December 6 | Star making competition, card making competition |
| December 12 | Ramanujan pencil sketch competition |
| December 22 | Ramanujan day, introducing the great mathematician |
| January 1 | Half yearly question paper discussion and remedial coaching |
| | Mathematics quiz district level, Ramanujan paper presentation |
| | Bhaskaracharya seminar |
| February | Revision, Model exam std 10 |
| March | Annual exam |
| March 14 | Pi day |

# 2025-2026  സംസ്കൃതം

•സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും

•സംസ്കൃത അക്ഷരപഠനം

•അക്ഷരസ്പുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടും .

•വാക്യങ്ങൾ എഴുതുവാനുള്ള കഴിവ് നേടും .

•കഥ കവിത എന്നിവ എഴുതാനും പാടാനും ഉള്ള കഴിവു നേടും.

•സംസ്കൃതദിനാചരണം.

•സ്കൂൾ തലത്തിൽ സംസ്കൃത അസംബ്ളി.

•കഥാരചന, കവിതാരചന ,ഉപന്യാസരചന ,പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ .

| മേഖല – ഹൈസ്ക്കുള് - ആരോഗ്യ കായിക പരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 1) കുട്ടികളില്  ആരോഗ്യ കായിക ക്ഷമത കൈവരിക്കുക | കായിക ക്ഷമത പരിശോധന | 3 മാസം | സ്ക്കുള് ഗ്രൗഡ് , ക്ലാസ്സ് മുറി | കായിക അധ്യാപകൻ |
| | സ്വാഭാവികമായ കായിക പരിശീലനം | | | |
| | യോഗ, സൂബ | | | |
| 2) അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണ്യങ്ങൾ സ്വായത്വമാക്കുക | കായിക മത്സരങ്ങള് ക്കുള്ള സ്വാഭാവിക ഒരുക്കങ്ങൾ | 2 മാസം | ഗ്രൗണ്ട് | കായിക അധ്യാപകന് |
| 3) ഏതെങ്കിലും കായിക ഇനത്തില് പ്രാവിണ്യം നേടിയെരുക്കുക | ഫുഡ്ബോള്  , ബാസ്ക്കറ്റ് ബോള് , ഹോക്കി, അത്തലറ്റിക്ക്സ്, എന്നീ ഇനങ്ങളില്  പരീശിലനം | 5മാസം | ഗ്രൗണ്ട് | പ്രത്യേക പരിശിലകൻ |

| | | | |
|---|---|---|---|
| | | | |

# ACADEMIC MASTER PLAN

# DEEPTHI H.S THALORE

***Social Science***

ജൂൺ

ജൂൺ-1-20 വിദ്യാർത്ഥികളിൽ ചരിത്ര അവബോധം സൃഷ്ടിക്കുക

8,9,10 ക്ലാസുകളിലെ ചരിത്രപാഠപുസ്തകത്തിലെ സംഭവങ്ങൾ ഇന്നത്തെ സംഭവങ്ങളുമായി താരതമ്യം ചെയ്ത കുറിപ്പ് തയ്യാറാക്കുക

ജൂൺ 21- 30ശൈത്യനാന്ത ദിനം പരിചയപ്പെടുത്തുക

ലോകത്തിലെ വിവിധ കാലാവസ്ഥ മാറ്റങ്ങൾ തിരിച്ചറിയുന്ന ചാർട്ട് തയ്യാറാക്കുന്നു

ജൂൺ -30 midterm പരീക്ഷ std 10

ജൂലൈ

ജൂലൈ -11 ലോക ജനസംഖ്യ ദിനം ക്വിസ് ജനസംഖ്യയുടെ ഗുണാത്മകവും ഗണാത്മകവുമായ ഗുണങ്ങൾ തിരിച്ചറിയുന്നു

ജൂലൈ - 21 mid term exam t8,9 ക്ലാസുകൾ ക്ക്

ജൂലൈ -21 -ചാന്ദ്രദിനം

ചാന്ദ്ര പര്യവേഷണ ദൗത്യങ്ങളുടെ വീഡിയോ

പ്രദർശനം

ഓഗസ്റ്റ്

ഓഗസ്റ്റ് -6, 9- ഹിരോഷിമ നാഗസാക്കി ദിനങ്ങൾ

സഡാക്കോ നിർമ്മാണം

യുദ്ധവിരുദ്ധ സന്ദേശം, ഗാനം

ഓഗസ്റ്റ് -14 സ്വാതന്ത്ര്യദിന ക്വിസ് സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുത്തൽ

ഓഗസ്റ്റ് -15 സ്വാതന്ത്ര്യദിനാഘോഷം

ഓഗസ്റ്റ് -29 ഓണാഘോഷം

സെപ്റ്റംബർ

സെപ്റ്റംബർ -8 ഓണപ്പരീക്ഷ ചോദ്യപേപ്പർ അവലോകനം

സെപ്റ്റംബർ -10 പ്രാദേശിക ചരിത്രരചന മത്സരം

സ്കൂൾതല സാമൂഹ്യ ശാസ്ത്രമേള

ഒക്ടോബർ

ഒക്ടോബർ -2 ഗാന്ധിജയന്തി

കിസ്സ് ഗാന്ധി ജിയുടെചിത്രരചന ഗാന്ധി സിനിമ പ്രദർശനം

ഉപജില്ലാതല സാമൂഹികശാസ്ത്ര മേള

ഭൂപട വായന

നവംബർ

നവംബർ -1 കേരളപ്പിറവി ദിനാഘോഷം ക്വിസ്

Second mid term exam

നവംബർ -14 ശിശുദിനം പ്രസംഗം മത്സരം

നവംബർ 26 ഭരണഘടന ദിനം അനുസ്മരണം പ്രഭാഷണം

ഡിസംബർ

ഡിസംബർ -10 ലോക മനുഷ്യാവകാശ ദിനം

ലോകത്തിലെ വിവിധ പതാകകൾ പരിചയപ്പെടുത്തുന്നു

ക്രിസ്മസ് പരീക്ഷ

ഡിസംബർ -29 ക്രിസ്മസ് പരീക്ഷ ചോദ്യപേപ്പർ വിശകലനം
ജനവരി
ജനവരി -23 റിപ്പബ്ലിക് ദിന ക്വിസ് മത്സരം
ജനവരി 26 റിപ്പബ്ലിക് ദിനാഘോഷം
ഫെബ്രുവരി
മോഡൽ എക്സാം
റിവിഷൻ
മാർച്ച്
വാർഷിക പരീക്ഷകൾ

| മേഖല – ഹൈസ്കൂൾ – തൊഴിൽ ഉഗ്രത അധ്യാപിക**പരിശീലനം** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| **സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുന്നു സ്വയം തിരിച്ചറിയിലൂടെ വ്യക്തിത്വം രൂപീകരണം കുട്ടികളുടെ ചിന്താപ്രക്രിയയെ ഉണർത്താനും പുതിയ ആശയങ്ങളും നിർമ്മിച്ചെടുക്കാനും അറിവു നിർമ്മാണത്തിന്റെ രീതി ശാസ്ത്രം പിഞ്ഞുടരാനും കുട്ടികൾക്ക് സാധിക്കുന്നു** | **കൃഷി ഇലക്ട്രിക്കൽ വസ്ത്രനിർമ്മാണം മാധ്യമങ്ങൾ പാഴ്‌വസ്തു പരിശീലനം വസ്ത്ര കലാ ടൂറിസം ഭക്ഷ്യ വ്യവസായം ധനകാര്യം ഇലക്ട്രിക്കൽ കരകൗശലം തുടങ്ങിയ മേഖലകളിൽ പരീക്ഷണങ്ങൾ നടത്തി കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നു മോഡലുകൾ ആവശ്യമെങ്കിൽ പറഞ്ഞുകൊടുത്തു നിർമ്മിക്കുന്നു അവ പ്രദർശനത്തിന് വയ്ക്കുന്നു സ്വയം കഴിവുകൾ മനസ്സിലാക്കി ക്ലാസ് റൂമിൽ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഓരോ കുട്ടികൾക്കും സ്വയം അവബോധം ഉണ്ടാക്കാനും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവ് പ്രാപ്തമാക്കുന്ന വിധമുള്ള പ്രവർത്തനങ്ങൾചെയ്യിപ്പിക്കുന്നു** | **അക്കാദമ ിക വർഷം** | **അധ്യാപിക** |